# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ജി.എം.യു.പി.സ്കൂൾ**

**രാമന്തളി**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | പ്രാഥമിക വിവരങ്ങൾ | 3 |
| 2. | ആമുഖം | 4 |
| 3. | കാഴ്ചപ്പാട് | 5 |
| 4. | ചരിത്രം | 6 |
| 5. | വിദ്യാലയ പ്രവർത്തനങ്ങൾ | 7 |
| 6. | വിദ്യാലയത്തിന്റെ പരിമിതികൾ | 7 |
| 7. | പൊതുലക്ഷ്യങ്ങൾ | 7 |
| 8. | അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ | 9 |
| 9. | എന്റെ മലയാളം | 9 |
| 10. | ഇംഗ്ലീഷ് വേൾഡ് | 10 |
| 11. | ഗണിതം മധുരം | 11 |
| 12. | അടിസ്ഥാനശാസ്ത്രം | 12 |
| 13. | സാമൂഹ്യശാസ്ത്രം | 13 |
| 14. | ഹിന്ദി | 14 |
| 15. | അറബിക് | 15 |
| 16. | പ്രവൃത്തിപരിചയം | 16 |
| 17. | കലാവിദ്യാഭ്യാസം | 17 |
| 18. | കായിക പരിശീലനം | 17 |
| 19. | അക്കാദമികം | 19 |
| 20. | പ്രവർത്തന കലണ്ടർ 2018-19 | 29 |
| 21. | ഉപസംഹാരം | 33 |

# ജി.എം.യു.പി.സ്കൂൾ
## രാമന്തളി

### പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1919 |
| ജില്ല | : | കണ്ണൂർ |
| വിദ്യാഭ്യാസ | : | തളിപ്പറമ്പ് |
| ഉപജില്ല | : | പയ്യന്നൂർ |
| മേൽവിലാസം | : | പി.ഒ.വടക്കുമ്പാട്<br>വഴി. പയ്യന്നൂർ<br>ഫോൺ : 04985 224052 |
| സ്കൂൾ കോഡ് | : | 13963 |
| ക്ലാസ് | : | 1 മുതൽ 7 വരെ |
| ബ്ലോക്ക് | : | പയ്യന്നൂർ |
| പഞ്ചായത്ത് | : | രാമന്തളി |
| ഇ മെയിൽ അഡ്രസ്സ് | : | gmupsramanthali@gmail.com |

# ആമുഖം

കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന നവകേരളമിഷന്റെ ഭാഗമായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമേഖലയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അക്കാദമിക മികവായിരിക്കണം വിദ്യാലയത്തിന്റെ മികവ് എന്ന അടിസ്ഥാന ആശയമാണ് വിദ്യാലയവികസനപദ്ധതികളുടെ മുഖമുദ്രയായി സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ബഹുജന പങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ വികസനത്തിനുള്ള പരിശ്രമങ്ങളാണ് വിദ്യാലയങ്ങളിൽ ഇന്ന് നടക്കേണ്ടത്. അതിനാവശ്യമായ വിശദമായ കർമപദ്ധതികൾ ഉൾക്കൊള്ളുന്ന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന പൂർണമായ അക്കാദമിക മികവിലേക്ക് വിദ്യാലയത്തെ നയിക്കുന്ന സമഗ്രമായ മാർഗരേഖ എന്ന നിലയിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## കാഴ്ചപ്പാട്

അടിസ്ഥാനശേഷീവികാസത്തിലൂടെ സ്വയം പര്യാപ്തതയിലേക്കും ജീവിതവിജയത്തിലേക്കും നയിക്കുന്ന ആരോഗ്യപൂർണമായ അന്തരീക്ഷത്തിലുള്ള മെച്ചപ്പെട്ട പഠനം.

# ചരിത്രം

കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമപഞ്ചായത്തിലെ 1, 15 വാർഡുകളിലായി വടക്കുമ്പാട് പ്രദേശത്താണ് രാമന്തളി ജി.എം.യു.പി സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ ആദ്യകാല വിദ്യാലയ ങ്ങളിലൊന്നായ ഈ വിദ്യാലയം 1919-ലാണ് സ്ഥാപിക്കപ്പെടുന്നത്. ശതാബ്ദിയിലെത്തി നിൽക്കുന്ന ഈ വിദ്യാലയം സ്ഥാപിച്ചത് ഇന്നാട്ടിലെ പൗരപ്രമുഖനും പൊതുസമ്മതനുമായിരുന്ന സി.ടി. അസൈനാർ എന്ന മാന്യവ്യക്തിയായിരുന്നു. രാമന്തളി ബോർഡ് മുസ്ലീം സ്ക്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം 1958ൽ അപ്പർപ്രൈമറിയായി ഉയർത്തപ്പെട്ടു. രാമന്തളി മുസ്ലീം ജുമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടത്തിലാണ് ഈ വിദ്യാലയം വർഷങ്ങളായി പ്രവർത്തിച്ചുവരുന്നത്.

ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലായി ആകെ 88 കുട്ടികളാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ ഉള്ളത്. 10 അധ്യാപകരും 1 ഓഫീസ് അറ്റന്റന്റുമാണ് ഇവിടെ ജോലിചെയ്തുവരുന്നത്. 20 കുട്ടികൾ പഠിക്കുന്ന പ്രീ-പ്രൈമറി വിഭാഗം ഈ അധ്യയനവർഷത്തിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്. പി.ടി.എയുടെയും, പൂർവവിദ്യാർത്ഥി കളുടെയും നാട്ടുകാരുടേയും ജുമാ അത്ത് കമ്മിറ്റിയുടെയും പഞ്ചാ യത്തിന്റെയും സഹായത്തോടെ നവീകരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്ക്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ പരമാവധി മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട് എന്നത് പ്രത്യേകം എടുത്തു പറയട്ടെ.

# വിദ്യാലയപ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധപ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠനസന്ദർഭങ്ങളായിതന്നെ പരിഗണിക്കപ്പെടുന്നു. കമ്പ്യൂട്ടർ പഠനം, ശുചിത്വസേന, മച്ചപ്പെട്ട ഉച്ചഭക്ഷണം, പ്രവൃത്തി പരിചയപരിശീലനം, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, കലാ-കായിക പരിശീലനങ്ങൾ, പഠനയാത്രകൾ, വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്രപഠനക്കളരികൾ തുടങ്ങിയവ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

## വിദ്യാലയ പരിമിതികൾ

1 വിദ്യാലയം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് പല ഗവൺമെന്റ് ഫണ്ടുകളും വിദ്യാലയത്തിന് ലഭിക്കുന്നില്ല.

2 ശാസ്ത്രപരീക്ഷണങ്ങൾ എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി ചെയ്യുന്നതിനുതകുന്ന ശാസ്ത്രലാബ് ഇല്ല.

3 കമ്പ്യൂട്ടറുകളുടെ അപര്യാപ്തത - ITC പഠനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകൾ വിദ്യാലവയത്തിലില്ല.

4 കുട്ടികളുടെ കലാ-കായിക പഠനത്തിനുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം അധ്യാപകരില്ല.

5 പഠനകാര്യങ്ങളിൽ രക്ഷിതാക്കുളുടെ ഇടപെടലുകളും സഹായവും കുട്ടികൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല.

6 സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ വിദ്യാലയത്തിലുണ്ട്.

7 ഇംഗ്ലീഷ് മീഡിയത്തിൽ നിന്നും ഇടയ്ക്കുള്ള ക്ലാസുകളിൽ വന്നുചേരുന്ന വിദ്യാർത്ഥി കൾക്ക് കൂടുതൽ പരിശീലനം നൽകേണ്ടിവരുന്നു.

## പൊതുലക്ഷ്യങ്ങൾ

1. പ്രീ-പ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് മികച്ച പഠനനിലവാരം ഉറപ്പുനൽകുന്ന വിദ്യാഭ്യാസാന്തരീക്ഷം ഉറപ്പുവരുത്തുക.
2. കുട്ടികളുടെ കഴിവുകൾ കേവല പഠനവിഷയങ്ങളിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക.
3. സ്ക്കൂളിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസ്സിൽ ആർജ്ജിക്കേണ്ട നിർദ്ദിഷ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
4. പഠനസമയങ്ങൾ നഷ്ടമാകാത്തവിധം സാധ്യയ ദിവസങ്ങൾ ഉറപ്പുവരുത്തുക.
5. കുട്ടികളിൽ മതനിരപേക്ഷത, ജനാധിപത്യബോധം, സഹകരണ മനോഭാവം, ശുചിത്വബോധം, പാരിസ്ഥിതികബോധം, ഭരണഘടനാപരമായ മൂല്യബോധം, ലിംഗസമത്വം, മാനവികമൂല്യങ്ങൾ എന്നിവ ഉണർത്തുകയും വളർത്തുകയും ചെയ്യുക.
6. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പുവരുത്തുക.

7. പഠനകാര്യങ്ങളിൽ രക്ഷിതാക്കൾക്കുള്ള സ്ഥാനവും ചുമതലകളും ബോധ്യപ്പെടുത്തുക.

8. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പ്രാദേശികമായ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

9. കുട്ടികളുടെ കലാ-കായിക-പ്രവൃത്തി പരിചയ മികവുകൾ കണ്ടെത്താനും വളർത്താനുമുള്ള അവസരങ്ങൾ ഒരുക്കുക.

10. മുഴുവൻ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക് വിഷയങ്ങളിൽ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ മേഖലകളിലുള്ള പരമാവധി മികവു വളർത്തിയെടുക്കുക.

11. മുഴുവൻ ക്ലാസ്സിലെയും കുട്ടികൾ അടിസ്ഥാനഗണിതാശയങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

12. കാർഷിക സംസ്ക്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക.

13. മാലിന്യനിർമാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക.

14. ഭിന്നശേഷിയുള്ള കുട്ടികളെക്കൂടി പഠനത്തിൽ പങ്കാളിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

15. മുഴുവൻ കുട്ടികളിലും നമ്മുടെ ഭാഷ, സാഹിത്യം, സംസ്ക്കാരം എന്നിവയിലുള്ള അഭിമാനം വളർത്തിയെടുക്കുക, വായനാശീലമുള്ളവരാക്കി മാറ്റുക.

16. വിദ്യാലയവും ചുറ്റുപാടും തന്നെ ഒരു പഠനോദ്യാനമായും പാഠപുസ്തകമായും പരിഗണിക്കാൻ കഴിയുക.

17. ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസ പദ്ധതി മാതൃകാപരമായി നടപ്പിലാക്കുക.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## 1. എന്റെ മലയാളം

നമ്മുടെ മാതൃഭാഷ, സാഹിത്യം, സംസ്ക്കാരം എന്നവയെ അടുത്തറിയാനും, അഭിമാനബോധത്തോടെ അവയെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ ഭാഷാപഠനത്തെ സർഗാത്മകമാക്കാനുള്ള പ്രവർത്തനപദ്ധതികളാണ് താഴെ കൊടുത്ത പ്രവർത്തനലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും ഊന്നൽ നൽകിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

* മലയാളഭാഷയിൽ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ അടിസ്ഥാന ഭാഷാശേഷികൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക.
* സ്വന്തം ഭാഷയെയും സാഹിത്യത്തെയും സംസ്ക്കാരത്തെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന കുട്ടികളെ വളർത്തുക.
* സ്വന്തം ആശയങ്ങളെ സ്വതന്ത്രവും നിർഭയവുമായി വാചികവും ലിഖിതവുമായി അവതരിപ്പിക്കാനുള്ള കഴിവും ആത്മവിശ്വാസവും ഓരോ കുട്ടിയിലും ഉണ്ടാക്കിയെടുക്കുക.
* സ്ക്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ഗ്രാമീണലൈബ്രറി എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ നല്ല വായനാശീലം, ഭാഷാശേഷി, ഭാഷാശുദ്ധി എന്നിവ കുട്ടികളിൽ വളർത്തുക.
* സ്വന്തം സർഗരചനകൾ കഥ, കവിത, ലേഖനം, ചിത്രം തുടങ്ങിയവ നടത്താനുള്ള അവസരങ്ങൾ ഒരുക്കുക, സാഹിത്യ-ചിത്ര ശില്പശാലകൾ നടത്തുക.
* കയ്യെഴുത്ത് മാസികകൾ, വാർഷിക അച്ചടിമാസിക എന്നിവ കുട്ടികളുടെ രചനകൾ സമാഹരിച്ച് തയ്യാറാക്കുക.
* ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠന സന്ദർഭങ്ങളാക്കി മാറ്റാനായി അനുസ്മരണ പ്രസംഗം, പതിപ്പ് നിർമ്മാണം, വിവരശേഖരണം തുടങ്ങിയവ കുട്ടികളുടെ നേതൃത്വത്തിൽ തന്നെ നടത്താൻ അവസരമൊരുക്കുക.
* പ്രഭാത അസംബ്ലിയിൽ പത്രവായന, കവിതാവതരണം, ഡയറി വായന, പ്രസംഗം എന്നിവ ഉൾപ്പെടുത്തി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെയുള്ള ആശയവിനിമയത്തിന് ഊന്നൽ നൽകുക.

## പ്രവർത്തനങ്ങൾ

### 1. വായനാവസന്തം

* സുസജ്ജമായ ക്ലാസ്സ് ലൈബ്രറി പഠനപ്രവർത്തനങ്ങൾക്കും, അനുബന്ധ വായനക്കും ഉതകുന്ന പുസ്തകങ്ങൾ സജ്ജീകരിച്ചു തയ്യാറാക്കിയത്. കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനയെക്കുറിച്ച് ചർച്ച, ആസ്വാദനക്കുറിപ്പുകൾ രചിക്കൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനം.
* സ്ക്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് കുറിപ്പെഴുതൽ. ഓരോ മാസവും മികച്ച കുറിപ്പിനെ തെരഞ്ഞെടുത്ത് സമ്മാനം നൽകൽ. രക്ഷിതാക്കൾക്കു കൂടി പുസ്തക വിതരണം, വായന വളർത്തൽ.

* പുസ്തകറാലി : വായനാവാരത്തിൽ കുട്ടികൾ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി പുസ്തകറാലി നടത്തൽ. സ്ക്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമാഹരിക്കൽ.
* വായനയുമായി ബന്ധപ്പെട്ട് കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ രചനകൾ ഉൾപ്പെടുത്തി വായനാപ്പതിപ്പ്.

### 3. ചിത്ര–ചരിത്ര ഗ്യാലറി

* പാഠപുസ്തകത്തിൽ പരിചയപ്പെട്ട സാഹിത്യകാരൻമാർ, കവികൾ എന്നിവർക്കൊപ്പം മറ്റ് എഴുത്തുകാരുടെയും ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ച് ക്ലാസ്സ് മുറിയിലോ, പ്രത്യേക സ്ഥലത്തോ തയ്യാറാക്കുന്ന ഗ്യാലറി, ചിത്രങ്ങൾ, കൃതികൾ, മുതലായവ.
* നമ്മുടെ പ്രധാന സാംസ്ക്കാരിക കേന്ദ്രങ്ങൾ, കലാ–കേന്ദ്രങ്ങൾ തുടങ്ങിയവയെ പരിചയപ്പെടുത്തുന്ന ചിത്രങ്ങൾ, കുറിപ്പുകൾ. ഉദാ: കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, തുഞ്ചൻ പറമ്പ് മുതലായവ.

#### 4. നാടകപാഠം

* നാടകത്തെ ക്ലാസ്സ് റൂം പഠനത്തിനുള്ള പ്രധാന ഉപാധിയാക്കാവുന്ന തരത്തിൽ പാഠഭാഗങ്ങളെ നാടകമാക്കാൻ കഴിയുന്ന പരിശീലനക്കളരി.
* നാടകക്കളികൾ, സ്കിറ്റുകൾ, ഏകാഭിനയം എന്നിവയിൽ വിദഗ്ധരുടെ പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കൽ
* പാഠഭാഗങ്ങളുടെ നാടകാവിഷ്ക്കാരം സ്വതന്ത്രമായി അവതരിപ്പിക്കൽ.

#### 5. കുട്ടി ടാക്കീസ്

കുട്ടികളിൽ സ്നേഹം തുടങ്ങിയ മാനവിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്ന മികച്ച, കുട്ടികളുടെ സിനിമകൾ സ്മാർട്ട് റൂമിൽ വച്ച് കാണിക്കൽ, ചർച്ച, കുറിപ്പെഴുതൽ.

## 2. ഇംഗ്ലീഷ് വേൾഡ്

ഇംഗ്ലീഷിന്റെ പ്രാധാന്യത്തിൽ ഊന്നിക്കൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ മികവിനെ ഇന്ന് പൊതുസമൂഹം അളക്കുന്നത്. ലോകഭാഷയായ ഇംഗ്ലീഷ് എല്ലാവർക്കും നന്നായി ഉപയോഗിക്കാവുന്ന സ്ഥിതി പൊതുവിദ്യാലയങ്ങളിൽക്കൂടി ഉണ്ടാക്കാവുന്ന തരത്തിൽ ഇംഗ്ലീഷ് പഠനത്തെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതുവഴി മാതൃഭാഷയോടൊപ്പം ഇംഗ്ലീഷിനും പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികൾക്ക് ഇംഗ്ലീഷിൽ മികച്ചരീതിയിൽ ആശയവിനിമയം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് താഴെ ചേർക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി ആശയവിനിമയം സാധ്യമാക്കുക.
2. ഇംഗ്ലീഷ് പദാവലി പോഷണത്തിനുള്ള വിവിധ പഠനസന്ദർഭങ്ങൾ സ്ക്കൂളിൽ ഒരുക്കുക.
3. Communicative English ക്ലാസ്സുകൾ വഴി കുട്ടികൾക്ക് സ്വതന്ത്രവും നിർഭയവുമായി ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തിനൽകുക.

**പ്രവർത്തനങ്ങൾ**

**Build up Vocabulary**

* കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വികസിപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ

1) A word a day - പ്രതിദിനം ഓരോ പുതിയ ഇംഗ്ലീഷ് വാക്കിനെ Bullettn Boardൽ പരിചയപ്പെടുത്തൽ
2) English Assembly : ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തൽ. English news reading, Simple Speech, Diary reading, Recitation etc.
3) English Story Telling : ഇംഗ്ലീഷിലെ ചെറിയ കഥകൾ കുട്ടികളെക്കൊണ്ട് പൊതുപരിപാടികളിൽ പറയിക്കൽ.

## 2. English Fest

കുട്ടികളെ വിവിധ ഗ്രൂപ്പുകളായിത്തിരിച്ച് ഒരു അവധി ദിവസം താഴെപറയുന്ന activities നടത്തൽ.

* Spelling Games
* Skits
* Magazine Making
* News Paper Making
* Reporting
* Story, Poems writing

## 3. ഗണിതശാസ്ത്രം

കുട്ടികൾക്ക് ഏറെ പ്രയാസമുള്ള വിഷയമായി സാധാരണ പറയപ്പെടുന്ന വിഷയമാണ് ഗണിതം. എന്നാൽ പഠനരീതി, പാഠപുസ്തകം എന്നിവയിലുണ്ടായിട്ടുള്ള മാറ്റത്തിലൂടെ ഗണിതഭയം കുറക്കാനും, കുട്ടികളിൽ താല്പര്യം വളർത്താനും പുതിയ പാഠ്യപദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഗണിതാശയങ്ങൾ പ്രയാസകരമായിക്കാണുന്ന കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ട്. അവരെക്കൂടി പരിഗണിച്ച് മുന്നിലെത്തിക്കാനുതകുന്ന പ്രവർത്തന പദ്ധതികളാണ് ഇതിനായി വേണ്ടത്.

**ലക്ഷ്യങ്ങൾ**

1. ഗണിതപഠനത്തിലും പ്രയോഗത്തിലും താല്പര്യവും ആത്മവിശ്വാസവും വളർത്തുക.
2. ഗണിതാശയങ്ങൾ തൃപ്തികരമായി മനസ്സിലാക്കാനും പഠിക്കാനും പ്രയോഗിക്കാനുമുള്ള സ്വയം പഠനസാധ്യതകൾ ഉണ്ടാക്കുന്നു.
3. പ്രായോഗിക ജീവിതത്തിലെ ഗണിതാശയങ്ങളെ എളുപ്പത്തിൽ നിർദ്ധാരണം ചെയ്യാനുള്ള പരിശീലനസന്ദർഭങ്ങൾ ഉണ്ടാക്കുന്നു.
4. ചതുഷ്ക്രിയകൾ, മനക്കണക്കുകൾ എന്നിവയിൽ ശേഷി വളർത്താനുള്ള സന്ദർഭങ്ങൾ.

**പ്രവർത്തനങ്ങൾ**

**1. ഗണിതം മധുരം**

* ഗണിത കുസൃതികൾ, പദപ്രശ്നങ്ങൾ, ക്വിസ് ചോദ്യങ്ങൾ എന്നിവ ആഴ്ചയിൽ കുട്ടികൾക്ക് നൽകി ഉത്തരം കണ്ടെത്തി ഗണിത കോർണറിൽ നിക്ഷേപിക്കൽ
* ഗണിതകേളികളിലൂടെ അടിസ്ഥാന ഗണിതാശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രത്യേക സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു.
* രൂപങ്ങൾ, അളവുകൾ, തൂക്കങ്ങൾ എന്നിവ ബോധ്യപ്പെടാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കൽ.

**2. ഗണിതലാബ്**

ഗണിതപഠനത്തെ മികവുറ്റതാക്കാനുള്ള വൈവിധ്യമാർന്ന പഠനസാമഗ്രികൾ സജ്ജീകരിച്ച്, കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്ത് പഠിക്കാവുന്ന തരത്തിൽ ഗണിതലാബ് തയ്യാറാക്കൽ

* ചാർട്ടുകൾ
* അളവുപാത്രങ്ങൾ
* തൂക്കക്കട്ടികൾ, ത്രാസ്സ്
* പദപ്രശ്നങ്ങൾ
* ജ്യാമിതീയ രൂപങ്ങൾ
* ഗണിതശാസ്ത്രജ്ഞരുടെ ചിത്രം, കുറിപ്പുകൾ
* ഗണിതതത്വങ്ങൾ വിശദമാക്കുന്ന ഉപകരണങ്ങൾ മുതലായവ

**3. അറിയാം പഠിക്കാം**

ഗണിതത്തിലെ പ്രായോഗിക കാര്യങ്ങൾ അറിയാനും പ്രയോഗിക്കാനും അവസരം

* ബാങ്കിലെ ഗണിതം - പലിശ - ബാങ്ക് സന്ദർശനം
* കച്ചവടത്തിലെ ഗണിതം - കടസന്ദർശനം
* കെട്ടിടനിർമ്മാണ ഗണിതം
* അടുക്കളയിലെ ഗണിതം - കണ്ടെത്തൽ വിവരശേഖരണം

## അടിസ്ഥാന ശാസ്ത്രം

ശാസ്ത്രപഠനത്തിലൂടെ മുഴുവൻ കുട്ടികളെയും ശാസ്ത്രബോധമുള്ളവരാക്കിമാറ്റുക എന്നത് ഏറെ പ്രധാനമാണ്. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കാനും സംരക്ഷിക്കാനും, പരിസ്ഥിതിസൗഹൃദപരമായ ബോധവും, മാലിന്യനിർമാർജ്ജനബോധവും കൂടി കുട്ടികളിൽ ശാസ്ത്രപഠനത്തിലൂടെ ഉണ്ടാകേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസത്തോടൊപ്പം ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും വിദ്യാലയത്തിൽ അനിവാര്യമാണ്.

**ലക്ഷ്യങ്ങൾ**

1. ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്താനും അവസരം ലഭ്യമാക്കുക.
2. ശാസ്ത്രീയപഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
3. പരിസ്ഥിതി സംരക്ഷണം, മാലിന്യനിർമാർജ്ജനം എന്നിവയിൽ അവബോധവും താല്പര്യവും ഉണ്ടാക്കിയെടുക്കുക.
4. ശാസ്ത്രവിഷയങ്ങളിൽ പഠനത്തിനും, അന്വേഷണത്തിനും, കണ്ടെത്തലിനും വഴിതുറക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.

**പ്രവർത്തനങ്ങൾ**

**1. അറിയാം...... പഠിക്കാം**

* സ്ക്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷീച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി ജൈവവൈവിധ്യ റജിസ്റ്റർ, നിരീക്ഷണക്കുറിപ്പുകൾ തുടങ്ങിയവ തയ്യാറാക്കൽ.
* വിദ്യാലയ പരിസരത്തുള്ള പുഴ, വയൽ, കുന്ന്, കണ്ടൽവനം തുടങ്ങിയവ സന്ദർശിച്ച് ജൈവവൈവിധ്യം, സവിശേഷതകൾ തുടങ്ങിയവ കണ്ടെത്തി രേഖപ്പെടുത്തൽ.

**2. എന്റെ ശാസ്ത്രലാബ്**

* ശാസ്ത്രീയമായ പഠനത്തിനും, പ്രയോഗത്തിനും അവസരം ലഭിക്കുന്ന വിധത്തിൽ പരീക്ഷണ, നിരീക്ഷണ ഉപകരണങ്ങൾ സജ്ജീകരിച്ച് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാവുന്ന അവസരം സൃഷ്ടിക്കൽ.
* പ്രഗത്ഭരായ ശാസ്ത്രാധ്യാപകരെ പങ്കെടുപ്പിച്ച് ശാസ്ത്രപരീക്ഷണക്കളരികൾ സംഘടിപ്പിക്കുക.

**3. ശാസ്ത്രമാസിക**

ശാസ്ത്രവാർത്തകൾ, കുറിപ്പുകൾ, നിരീക്ഷണ-പരീക്ഷണക്കുറിപ്പുകൾ, ശാസ്ത്രകാരൻമാരെക്കുറിച്ചുള്ള വിവരങ്ങൾ, കണ്ടുപിടുത്തങ്ങളുടെ കഥകൾ, സസ്യ-ജന്തുജാലങ്ങളുടെ വിവരങ്ങൾ etc ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ.

**4. ഔഷധോദ്യാനം**

* ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങൾ ശേഖരിച്ച് സ്ക്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ നട്ടുവളർത്തുന്ന പ്രവർത്തനം. അവയുടെ പ്രത്യേകതകൾ, ഉപയോഗം തുടങ്ങിയവ രേഖപ്പെടുത്തൽ, സംരക്ഷിക്കൽ എന്നിവ.
* ആയുർവേദ ചികിത്സകർ, നാട്ടുവൈദ്യൻമാർ എന്നിവരെ പങ്കെടുപ്പിച്ച് ഔഷധസസ്യങ്ങളുടെ പ്രാധാന്യം ഉപയോഗം എന്നിവ മനസ്സിലാക്കൽ.

**5. ഹരിതവീഥി**

* വീട്ടിലും വിദ്യാലയത്തിലും ഹരിതജീവിതം-പരിസ്ഥിതി സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനുള്ള മനോഭാവം വളർത്തൽ - Clean Campus
* പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ വീട്ടിലും വിദ്യാലയത്തിലും തയ്യാറാക്കി സംരക്ഷിക്കാനുള്ള പ്രവർത്തനം.

## 5 സാമൂഹ്യശാസ്ത്രം

നമ്മുടെ വീട്, കുടുംബം, സമൂഹം, രാഷ്ട്രം എന്നിങ്ങനെയുള്ള സാമൂഹ്യജീവിതത്തിന്റെ വിവിധ ഇടങ്ങൾ, ഭൂമിശാസ്ത്രപരമായ ചുറ്റുപാടുകൾ, മനുഷ്യസമൂഹത്തിന്റെ മുന്നേറ്റത്തിന്റെ ചരിത്രം, സംസ്ക്കാരത്തിന്റെ ചരിത്രം, പ്രാദേശികവും, ദേശീയവും, അന്തർദ്ദേശീയവുമായ ജനജീവിതത്തിന്റെ ചരിത്രം എന്നിവയെല്ലാം സാമൂഹ്യശാസ്ത്രപഠനമേഖലകളാണ്. പഠനത്തോടൊപ്പം സാമൂഹ്യബോധമുള്ള തലമുറയായിക്കൂടി വളരാൻ കുട്ടികളെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളാണ് ഈ വിഷയത്തിന്റെ ഭാഗമായി വേണ്ടത്.

**ലക്ഷ്യങ്ങൾ**

1. നമ്മുടെ നാടിന്റെ ചരിത്രം, സംസ്ക്കാരം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനും അന്വേഷിക്കാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുക, വിവരശേഖരണം നടത്തുക.
2. രാഷ്ട്രപിതാവിന്റെ ജീവിതം, പ്രവർത്തനങ്ങൾ എന്നിവ അടുത്തറിയാനും അതുവഴി ഇന്ത്യയുടെ സ്വാതന്ത്ര്യസമരം, ദേശീയ പ്രസ്ഥാനങ്ങൾ, ദേശീയ നേതാക്കൾ എന്നിവരെ അറിയാനും അവസരം ഒരുക്കുക.
3. ഭൂമിശാസ്ത്രപഠനത്തിൽ താല്പര്യവും ആത്മവിശ്വാസവും വളർത്തുക.
4. ചരിത്രസ്മൃതികളിലൂടെ സഞ്ചരിക്കാനും, അനുഭവമുണ്ടാക്കിക്കൊണ്ട് ചരിത്രപഠനത്തിലൂടെ ചരിത്രബോധമുണ്ടാക്കാനും ശ്രമിക്കുക.

**പ്രവർത്തനങ്ങൾ**

**1. നാടിനെ അറിയാം**

* നമ്മുടെ പഞ്ചായത്ത്, താലൂക്ക്, ജില്ല, സംസ്ഥാനം, രാജ്യം എന്ന ക്രമത്തിൽ പ്രധാനവിവരങ്ങൾ രേഖപ്പെടുത്തി പ്രദർശനസാമഗ്രികൾ പോലെ പാനലുകൾ തയ്യാറാക്കൽ.
* പ്രധാന സ്ഥലങ്ങൾ
* ചരിത്രപ്രാധാന്യം
* മഹദ്‌വ്യക്തികൾ etc
* ഇതിനായി സമീപസ്ഥമായ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കൽ, വിവരശേഖരണം, രേഖപ്പെടുത്തൽ.

**2. ഗാന്ധി കോർണർ**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെക്കുറിച്ചുള്ള വിവരങ്ങൾ, ജീവിതം, പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, സമരങ്ങൾ, എന്നിവയെല്ലാം ഉൾപ്പെടുത്തി പ്രത്യേകം സജ്ജീകരിക്കുന്ന ഇടം തയ്യാറാക്കൽ.

* ഗാന്ധിജിയുടെ ജീവിതവും പ്രവർത്തനങ്ങളും വ്യക്തമാക്കുന്ന ചിത്രങ്ങൾ.
* ജീവിതസന്ദർഭങ്ങളെ സൂചിപ്പിക്കുന്ന കുറിപ്പുകൾ.
* ഗാന്ധിജിയുടെ കൃതികൾ, പ്രസംഗങ്ങൾ etc.
* ഗാന്ധിജിയെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞതും എഴുതിയതുമായ കാര്യങ്ങൾ ശേഖരിച്ച് ചേർക്കൽ.
* ഗാന്ധിസൂക്തങ്ങൾ
* ഗാന്ധിജിയുടെ കത്തുകൾ
* പ്രസംഗങ്ങൾ-വീഡിയോകൾ
* ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ
* ഗാന്ധിജിയും കേരളവും-സന്ദർശന വിവരങ്ങൾ

**4. ചരിത്രസ്മൃതികളിലൂടെ**

സമീപസ്ഥമായ സ്ഥലങ്ങളിൽ ചരിത്രപ്രധാനമായ ഇടങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി പഠനക്കുറിപ്പുകൾ തയ്യാറാക്കൽ.

* പര്യടനങ്ങൾ – ഉളിയത്ത്കടവ്, ബേക്കൽകോട്ട, അറക്കൽ മ്യൂസിയം, ചിറക്കൽ കോവിലകം,
* ചരിത്രപുരുഷൻമാരുമായി അഭിമുഖം നടത്തി വിവരശേറണം നടത്തൽ.

## 6. ഹിന്ദി

രാഷ്ട്രഭാഷയായ ഹിന്ദിയിൽ കുട്ടികൾക്ക് അടിസ്ഥാനശേഷികൾ വളർത്തിയെടുക്കാൻ ഉതകുന്ന പഠനപ്രവർത്തനങ്ങളാണ് ക്ലാസ്സ് മുറികളിൽ നടക്കേണ്ടത്. വായന, ലേഖനം, ഭാഷണം എന്നിവയിൽ ആത്മവിശ്വാസം വളർത്താനുള്ള പ്രവർത്തനപദ്ധതികളാണ് ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഫലപ്രദമായ വിനിമയത്തിനും, ശേഷീ വികാസത്തിനും അനിവാര്യമായിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ പദസമ്പത്ത്, പ്രയോഗശേഷി എന്നിവ വളർത്താനുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക.

2. ഹിന്ദി വായന, ലേഖനം, ഭാഷണം എന്നിവയിൽ ആത്മവിശ്വാസം വളർത്തുക.
3. ഹിന്ദിയിലുള്ള വാർത്തകൾ, സിനിമകൾ, സാഹിത്യകൃതികൾ എന്നിവ ആസ്വദിക്കുന്നതിലൂടെ ഭാഷാശേഷികൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

1. **അറിയാം..... പഠിക്കാം..... പ്രയോഗിക്കാം**
   പദാവലീ വികസനത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്ന പ്രവർത്തനം.

* ഒരു ദിവസം ഒരു വാക്ക് - ഓരോ ദിവസവും ഓരോ പുതിയ ഹിന്ദി വാക്കിനെ ബോർഡിൽ പരിചയപ്പെടുത്തൽ.
* ഹിന്ദി അസംബ്ലി : നിർദ്ദേശങ്ങൾ ഹിന്ദിയിൽ, പ്രതിജ്ഞ ഹിന്ദിയിൽ, ഡയറി, പത്ര, കഥ, കവിത - ഹിന്ദിയിൽ അവതരണം.

**2. ഹിന്ദി ഉത്സവ്**

* ഹിന്ദി കഥാവായന
* കവിതാലാപനം
* പ്രസംഗം
* ഹിന്ദി സ്കിറ്റ്
* ഹിന്ദി മാഗസിൻ തയ്യാറാക്കൽ
* ഹിന്ദി കത്തെഴുതൽ
* ഹിന്ദി വാർത്ത തയ്യാറാക്കൽ

**3. ഹിന്ദി സർഗ**

* ടി.വിയിലെ ഹിന്ദിവാർത്ത കേൾപ്പിക്കൽ
* റേഡിയോ ഹിന്ദി വാർത്ത
* കഥ, കവിത വായിച്ച് ചർച്ച
* കഥയെ നാടകമാക്കി മാറ്റൽ
* സ്വന്തം - ഹിന്ദി കഥ - കവിത എഴുതൽ

## 7. അറബിക്

അറബിക് ഭാഷയിലെ അടിസ്ഥാനശേഷികൾ വളർത്താനും സ്വതന്ത്രവും നിർഭയവുമായി ഭാഷ പ്രയോഗിക്കാനും, ഭാഷയിലെ സാഹിത്യകൃതികൾ വായിക്കാനുമുള്ള വഴി തുറന്നുകൊടുക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങളാണ് പ്രൈമറി ക്ലാസ്സിൽ ഉണ്ടാകേണ്ടത്. അതിനനുസൃതമായ പ്രവർത്തനങ്ങളാണ് ചേർക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. അറബിക് ഭാഷയിൽ ശ്രവണം, ഭാഷണം, ലേഖനം, വായന എന്നീ അടിസ്ഥാനശേഷികൾ പ്രാപ്തമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
2. അറബിക് ഭാഷയിലെ ആശയങ്ങൾ സ്വന്തമായി വായിച്ച് മനസ്സിലാക്കാനും ആസ്വദിക്കാനുമുള്ള കഴിവ് വളർത്തുക.
3. അറബിക് കലാ-സാഹിത്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും മത്സരിക്കാനും അവസരം ഒരുക്കൽ.

**പ്രവർത്തനങ്ങൾ**

**1. അറബിക് മധുരം**

അക്ഷരങ്ങൾ, ചിത്രങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ വായിക്കാനും ചൊല്ലാനും, പറയാനും, എഴുതാനും വായിക്കാനുമുള്ള അവസരം നൽകൽ.

* കാർഡുകൾ
* ചിത്രകാർഡുകൾ
* വാക്യം നിർമിക്കൽ
* നിറം നൽകൽ etc.
* പിന്നോക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക പഠനക്ലാസ്സ്.

**2. വായനാലോകം**

ക്ലാസ്സ് ലൈബ്രറിയിലെയും, സ്ക്കൂൾ ലൈബ്രറിയിലെയും ലളിതമായ അറബിക് പുസ്തകങ്ങൾ വായിക്കാനും ആസ്വദിക്കാനും, കവിതകൾ ചൊല്ലി രസിക്കാനും അവസരം നൽകൽ.

* കഥാവായന
* കവിതാവായന
* ചിത്രമായി കഥയെ മാറ്റൽ
* ചിത്രകഥകൾ തയ്യാറാക്കൽ
* കഥ സ്വന്തം വാക്യത്തിൽ പറയൽ
* അടിക്കുറിപ്പ് തയ്യാറാക്കൽ

**3. നല്ലെഴുത്ത്**

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തുന്നതിനായി പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നു.

* ഓരോ കുട്ടിക്കു പ്രത്യേകം പ്രത്യേകം വർക്ക്ഷീറ്റ് നൽകി പരിശീലിപ്പിക്കൽ.
* മികച്ച കയ്യക്ഷരം കണ്ടെത്തി സമ്മാനം നൽകൽ.

## 8. പ്രവൃത്തി പരിചയം

നിത്യജീവിതത്തിൽ കുട്ടിക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാന ജീവിത ഘടകങ്ങളുമായി ബന്ധപ്പെട്ടതും, കുട്ടിയുടെ സമഗ്രവികസനത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തി പരിചയ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനമേഖലകൾ.

**ലക്ഷ്യങ്ങൾ**

പ്രവൃത്തിപഠനത്തിലൂടെ മാനവശേഷീവികാസം, അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്ക്കാരവും അതുവഴി മാനസിനോല്ലാസവും കുട്ടികളിൽ വളര്ത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

1. ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

* ആശംസാ കാർഡ്
* നക്ഷത്രങ്ങൾ
* പൂക്കൾ, മാലകൾ, ആഭരണങ്ങൾ

**2. ഭക്ഷണസാധനങ്ങൾ നിർമ്മിക്കൽ**

* ഫ്രൂട്ട് സലാഡ്
* അച്ചാർ
* ഉപ്പിലിട്ടത്
* ജാം
* പാനീയങ്ങൾ

**3. മറ്റ് പ്രവർത്തനങ്ങൾ**

* ഫാബ്രിക് പെയിന്റിംഗ്
* ചിത്രത്തുന്നൽ
* മാറ്റ് നിർമ്മാണം
* പേപ്പർ ബാഗ് നിർമ്മാണം

## 9. കലാ വിദ്യാഭ്യാസം

പഠനത്തോടൊപ്പം കുട്ടികളിൽ കലാഭിരുചിയും, സഹൃദയത്വവും വളർത്താനുതകുന്ന സന്ദർഭങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ട് സർഗാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അവരെ പ്രാപ്തരാക്കാൻ കലാ വിദ്യാഭ്യാസത്തിലൂടെ കഴിയും. സംഗീതം, ചിത്രകല, നൃത്തം തുടങ്ങിയവയുടെ സാധ്യതകളിലേക്ക് കുട്ടികളെ നയിക്കാൻ ഇതിലൂടെ കഴിയും.

**ലക്ഷ്യങ്ങൾ**

കുട്ടികളിൽ സഹൃദയത്വവും സൗന്ദര്യബോധവും കലാസ്വാദന ഔത്സുക്യവും വളർത്തുന്ന പരിപാടികളിലൂടെ അവരെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

**പ്രവർത്തനങ്ങൾ**

1. സ്ക്കൂൾ ഗായകസംഘം രൂപീകരിക്കൽ. പാടാൻ കഴിവുള്ള കുട്ടികളുടെ കൂട്ടം.
   * പ്രാർത്ഥന, ദേശീയഗാനം തുടങ്ങിയവ ചൊല്ലൽ
   * വിശേഷ ദിവസങ്ങളിൽ പാട്ടുകൾ അവതരിപ്പിക്കൽ.
   * പാഠപുസ്തകത്തിലെ കവിതകൾ ഈണം നൽകി അവതരിപ്പിക്കൽ.

**2. ചിത്രം ചിത്രം**

പരിസ്ഥിതി ദിനം, ഓണം, ക്രിസ്മസ്, കർഷകദിനം തുടങ്ങി പ്രധാന ദിനങ്ങളിൽ ചിത്രം വരക്കാൻ എല്ലാവർക്കും അവസരം. പതിപ്പ് തയ്യാറാക്കൽ

**3. നൃത്തപാഠം**

വാർഷികാഘോഷവേളയിൽ അവതരിപ്പിക്കാനുള്ള നൃത്ത ഇനങ്ങൾ സ്വന്തമായി ചിട്ടപ്പെടുത്തൽ. പാട്ട്, വേഷവിധാനം, ചമയം എന്നിവ സ്വന്തമായിത്തന്നെ നിർവ്വഹിക്കൽ.

## 10. കായിക പരിശീലനം

കുട്ടികളുടെ ആരോഗ്യപരമായ സുസ്ഥിതിക്ക് കായിക പരിശീലനങ്ങൾ അനിവാര്യമാണ്. കളിയെന്നത് ഏറ്റവും നല്ല വ്യായാമമാണ്. ശാസ്ത്രീയമായ കായിക പരിശീലനം കുട്ടികൾക്ക് ആ മേഖലയിൽ മുന്നേറാനുള്ള അവസരം ഒരുക്കും. കായികാധ്യാപകരുടെ സേവനം ലഭിക്കാതെ ഇത്തരം പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തുക അസാധ്യമാണ്.

**ലക്ഷ്യങ്ങൾ**

കുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി വളർത്തുന്നതിനും, മാനസികോല്ലാസത്തിനും കായികമായ പരിശീലന സന്ദർഭങ്ങൾ സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ**

**1. മാസ് ഡ്രിൽ**

എല്ലാ വ്യാഴാഴ്ചയും 3.30 മുതൽ 4 മണി വരെ കുട്ടികളെ അസംബിൾ ചെയ്ത് ലഘുവായ ഡ്രില്ലുകൾ ചെയ്യിക്കുക.

2. വിവിധ ഗെയിമുകൾ, റെയിഡുകൾ എന്നിവ പരിശീലിപ്പിക്കുക.

**മേഖല- അക്കാദമികം** **മലയാളം എൽ.പി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| വായന, ലേഖനം, ഭാഷണം എന്നീ അടിസ്ഥാന ഭാഷാശേഷികൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക. | 1. പഠനനില കണ്ടെത്തുവാൻ 2, 3, 4 ക്ലാസ്സുകളിൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | | |
| | 2. പരിഹാര ബോധനത്തിനായി പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ, ജൂലൈ | | |
| | 3. അക്ഷരം ഉറപ്പിക്കാനും ചിഹ്നങ്ങൾ ഉറപ്പിക്കാനുമായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (അക്ഷരക്കാർഡ്, വാക്യനിർമ്മാണം, ചിത്രം നോക്കി കഥ പറയൽ, എഴുതൽ, കഥ ബാക്കി എഴുതൽ, സി.ഡിയിൽ ചിത്രം കാണിച്ച് വാക്യമെഴുതൽ) | ജൂലൈ ആഗസ്ത് സെപ്തംബർ | | |
| | 4. ക്ലാസിൽ വായനക്കൂട്ടം രൂപീകരിക്കൽ | ജൂൺ | | |
| | 5. സ്ക്കൂൾ ലൈബ്രറി നവീകരണം, വായനോത്സവം സംഘടിപ്പിക്കൽ, വായനാനുഭവം പങ്കുവെക്കൽ, വായനക്കുറിപ്പ് - പതിപ്പ് നിർമ്മാണം. | 3 മാസം | | |
| **1. അറബിക് മധുരം:**<br>ലക്ഷ്യം :<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി. | * എഴുത്ത്, വായന<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നൽകുക. | ജൂൺ- ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| **2. ഭാഷാശേഷി വികസനം** | * വായനാ കാർഡുകളുടെ നിർമ്മാണം (മോഡൽ നൽകി, മത്സരം നടത്തി മികച്ചത് കണ്ടെത്തി A4 ൽ എഴുതികളർ നൽകി വായനാകാർഡ് നിർമ്മിക്കൽ)<br>* അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ (പദനിർമ്മാണം, കവിതാ പൂരണം, മെമ്മറി ടെസ്റ്റ്, ആംഗ്യപ്പാട്ട്) ഒരു പേജ് ഉറക്കെ വായിക്കുക<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക.<br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | ജൂൺ-ഡിസംബർ | | |
| **നല്ലെഴുത്ത്**<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടൽ | * അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖള) എഴുത്തുകളാണ്.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ.<br>* നന്നായി എഴുതുന്ന കുട്ടികളെ കണ്ടെത്താനായി കയ്യെഴുത്ത് മത്സരം നടത്തുകയും സമ്മാനം നൽകുകയും ചെയ്യൽ.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പുകൾ കാണിച്ച് അറബി ഭാഷയോട് താൽപര്യം ജനിപ്പിക്കൽ<br>* ചിത്രകഥ തയ്യാറാക്കൽ. | ജൂൺ-ഡിസംബർ | | |

## മാസ്റ്റർ പ്ലാൻ യു.പി വിഭാഗം അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| **വായനാ ലോകം**<br>ലക്ഷ്യം :<br>* കുട്ടിയെ വായനയുടെ ലോക ത്തേക്ക് കൊണ്ടുവരൽ<br>* നല്ല വായനക്കാരനാക്കുക. | 1. തിരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>**പുസ്തകങ്ങൾ :**<br>* ചിത്രകഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* അറബിക് ക്വിസ്<br>2. ക്ലാസ്സ് വായന :<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്ക് | ജൂൺ- മാർച്ച് | | |

## ഇംഗ്ലീഷ് എൽ.പി

**മേഖല-അക്കാദമികം**

| | | | | |
|---|---|---|---|---|
| 1. ഇംഗ്ലീഷ് പദാവലി പോഷ ണത്തിനുള്ള വിവിധ പഠ നസന്ദർഭങ്ങൾ ഒരുക്കുന്നു. | 1. പഠനനില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമി തികളും കണ്ടെത്തുന്നു. | ജൂൺ | | |
| | 2. പരിമിതികൾ പരിഹരിക്കുന്ന തിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | ജൂലൈ | | |
| | 3. English Story, Rhyme എന്നിവ I C T സാധ്യത ഉപയോഗിച്ച് കേൾപ്പിക്കൽ. | മാസത്തിൽ 1 പ്രാവശ്യം | | |
| | 4. A word a day - ദിവസവും ഓരോ പുതിയ വാക്ക് Bulle-tin Board-ൽ പരിചയപ്പെടു ത്തുന്നു. അസംബ്ലിയിൽ അവ തരിപ്പിക്കുന്നു. | ആഴ്ചയിൽ 2 പ്രാവശ്യം | | |
| | 5. ഇംഗ്ലീഷ് നിഘണ്ടു തയ്യാറാ ക്കൽ. പാഠഭാഗത്തിലെ പുതിയ പദങ്ങൾ കണ്ടെത്തി Alphabetic Orer-ൽ പദാവലി നിർമ്മിക്കൽ. | ജൂലൈ മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 2. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ആശയവിനിമയം സാധ്യമാകുന്നു. | 1. ഇംഗ്ലീഷ് Story, Rhyme, Description എന്നിവ പൊതുപരിപാടികളിൽ അവതരിപ്പിക്കൽ. | നവമ്പർ - മാർച്ച് | | |
| | 2. കളികളിലൂടെ ഇംഗ്ലീഷ് പഠനം | ഒക്ടോബർ-മാർച്ച് | | |
| | 3. ഇംഗ്ലീഷ് സ്കിറ്റ് അവതരണം | ഫെബ്രുവരി | | |
| | 4. ഇംഗ്ലീഷ് കടങ്കഥ (riddle) യ്ക്ക് ഉത്തരം കണ്ടെത്തൽ (Bulletin Board-ൽ പ്രദർശിപ്പിക്കുന്നു) | മാസത്തിൽ 2 | | |

**ഗണിതം എൽ.പി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1. ചതുഷ്ക്രിയകൾ, മനഃക്കണക്കുകൾ എന്നിവയിൽ ശേഷി വളർത്താനുള്ള സന്ദർഭങ്ങൾ | 1. പഠനനില കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ-ഡിസംബർ | | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂലൈ | | |
| | 3. പഠനസാമഗ്രികൾ - ശില്പശാല | സെപ്തംബർ | | |
| | 4. കളികളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | | | |
| | 5. പദപ്രശ്നങ്ങൾ, ഗണിത ക്വിസ് ഗണിത പസിലുകൾ എന്നിവ പ്രദർശിപ്പിച്ച് ഉത്തരം കണ്ടെത്തൽ. | മാസത്തിൽ 1 പ്രാവശ്യം | | |
| | 6. I C T സാധ്യതകൾ ഉപയോഗപ്പെടുത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | | | |
| | 7. ഗണിതലാബ് സജ്ജീകരിച്ച് കുട്ടികൾ സ്വയം കൈകാര്യം ചെയ്ത് പഠിക്കുന്നു. | | | |
| | 8. ഗണിതച്ചാർട്ട് നിർമ്മാണം. | ഒക്ടോബർ | | |
| | 9. അസംബ്ലിയിൽ മനഃക്കണക്ക് ചോദിക്കുന്നു. | ആഴ്ചയിൽ | | |

**ഗണിതം എൽ.പി പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | **1. എന്റെ ശാസ്ത്രലാബ്**<br>പരിസരപഠനത്തിലെ ലഘു പരീക്ഷണങ്ങൾ നടത്താനാവശ്യമായ സാമഗ്രികൾ സജ്ജമാക്കൽ. ലഘുപരീക്ഷണ സാമഗ്രികളുടെ പട്ടിക നിർമ്മാണം.<br>**2. ശാസ്ത്രപരീക്ഷണക്കളരി**<br>പരീക്ഷണങ്ങൾ പട്ടികപ്പെടുത്തി ശാസ്ത്രപരീക്ഷണക്കളരി സംഘടിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, ദ്വിദിന ശാസ്ത്ര ശില്പശാല, പ്രദർശനം .<br>**3. ദിനാചരണങ്ങൾ.**<br>ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, പതിപ്പ് നിർമ്മാണം, സി.ഡി പ്രദർശനം, ക്വിസ് മത്സരം. | ജൂലൈ സെപ്തംബർ<br>ജനുവരി -മാർച്ച്<br>ജൂൺ -മാർച്ച് | | |
| 1. നമ്മുടെ നാടിന്റെ ചരിത്രം, സംസ്കാരം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനും അന്വേഷിക്കാനുമുള്ള അവസരം ലഭ്യമാക്കുന്നു. വിവരശേഖരണം നടത്തുന്നു. | 1. **നാടിനെ അറിയാം** സ്വന്തം വാർഡ്, പഞ്ചായത്ത്, ജില്ല എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>2. പഞ്ചായത്തിന്റെ ഭൂപടത്തിൽ സ്കൂളിന്റെ വാർഡ്, സ്വന്തം വാർഡ് ഇവ തിരിച്ചറിയുന്നു.<br>3. വാർഡിന്റെ ഭൂപടം വരച്ച് സ്ഥലങ്ങൾ തിരിച്ചറിയുന്നു. പ്രാധാന്യം മനസ്സിലാക്കുന്നു.<br>4. സ്വന്തം ജില്ലയുടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. വിവരശേഖരണം നടത്തുന്നു. പതിപ്പാക്കുന്നു. | | | |

**ഗണിതം യു.പി.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുക | പ്രീടെസ്റ്റിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ. കുട്ടികൾ മുൻക്ലാസുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്ത് കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ | | |
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | ഗണിത കളികൾ, പസിൽസ് കുസൃതിക്കണക്ക് എന്നിവയിലൂടെ ഗണിതം എളുപ്പമാക്കുക. ചിത്രങ്ങൾ, ജീവചരിത്രകുറിപ്പ് എന്നിവ ശേഖരിച്ച് ഗണിതശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുക. സെമിനാറുകൾ സംഘടിപ്പിക്കുക. | ആഗസ്ത് -ഒക്ടോബർ | | |
| ഗണിതാസ്വാദനം വർദ്ധിപ്പിക്കുക | ഗണിത ക്ലബ്ബുകൾ രൂപീകരിക്കുന്നു. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തി ലും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. നമ്പർ ചാർട്ട്, പസിലുകൾ എന്നിവ ഉൾപ്പെടുത്തി യും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ -സപ്തംബർ | | |
| **പ്രവൃത്തിപരിചയം യു.പി** | | | | |
| 1. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പഠനോപകരണങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി നോട്ട്ബുക്ക്, പോർട്ട് ഫോളിയോ നിർമ്മാണം എന്നിവ പരിശീലിപ്പിക്കുന്നു. പലതരത്തിലുള്ള ബൈന്റിംഗ് അവതരിപ്പിക്കുന്നു. കൂടുതൽ അറിവിനായി ബൈന്റിംഗ് പ്രാവീണ്യമുള്ള അധ്യാപകരെ പ്രയോജനപ്പെടുത്തുന്നു. അവധി ദിവസങ്ങളിൽ പി.ടി.എ അംഗങ്ങളെയും ഉൾപ്പെടുത്തി ക്ലാസ്സ് കൊടുക്കുന്നു. | ആഗസ്ത് -ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| | ലൈബ്രറി പുസ്തകങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രവൃത്തി പഠനക്ലബ്ബിലെ (യു.പി ക്ലാസ്സ്) കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ബൈന്റ് ചെയ്യിക്കുന്നു.<br>കൂടാതെ വ്യത്യസ്ത വലിപ്പത്തിലുള്ള കവറുകൾ, ക്യാരി ബാഗുകൾ എന്നിവ നിർമ്മിക്കാനും പരിശീലിപ്പിക്കുന്നു. | | | |
| 2. സർഗാത്മക കഴിവുകൾ കുട്ടികളിലും വികസിപ്പിക്കുക | എംബ്രോയ്ഡറി പരിശീലനം നൽകുന്നു. പതിനഞ്ചോളം തരത്തിലുള്ള അലങ്കാര തുന്നലുകൾ പരിചയപ്പെടുത്തുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ടൗവ്വൽ, കുഷ്യൻ കവർ, പില്ലോ കവർ, മേശവിരി എന്നിവയിൽ എംബ്രോയ്ഡറി ചെയ്യിക്കുന്നു. എല്ലാത്തിന്റെയും പ്രദർശനം നടത്തിയ ശേഷം മികച്ചവ കണ്ടെത്തി മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. കൂടുതൽ അറിവിനായി ഐ.സി.ടി പ്രയോജനപ്പെടുത്തുന്നു. | ജൂൺ -ഫെബ്രുവരി | | |
| **ഹിന്ദി യു.പി**<br>**മേഖല : അക്കാദമികം** | | | | |
| **അഞ്ചാം തരം**<br>1. ഹിന്ദി അക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br>2. ഹിന്ദി വായിക്കാനും എഴുതാനുമുള്ള അടിസ്ഥാനശേഷി ഉറപ്പിക്കൽ. | 1. അക്ഷരകാർഡുകളിലൂടെ അക്ഷരപരിചയം.<br>2. വായന കാർഡുകളിലൂടെ വാക്കുകൾ പഠിക്കുക.<br>3. ഐ.സി.ടി സാധ്യതയിലൂടെ അക്ഷര പരിചയം<br>4. ഓരോ ദിവസവും ഓരോ ഹിന്ദി വാക്ക് ബോർഡിൽ പരിചയപ്പെടുത്തൽ.<br>5. വർക്ക്ഷീറ്റ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവയിലൂടെ ഹിന്ദി ഭാഷ പരിചയപ്പെടുത്തൽ. | ജൂൺ -ജനുവരി | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| ആറാം തരം<br>1. ഹിന്ദി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള അടിസ്ഥാനശേഷി വികസിപ്പിക്കൽ. | 1. പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>2. കവിതാലാപനം, കഥാവായന<br>3. ഹിന്ദി അസംബ്ലി<br>4. പുതിയ ഹിന്ദി വാക്ക് ബോർഡിൽ പരിചയപ്പെടുത്തൽ<br>5. ഡയറി എഴുത്ത്, വർക്ക് ഷീറ്റുകൾ<br>6. ഐ.സി.ടി സാധ്യതയിലൂടെ സംസാരശേഷി വർദ്ധിപ്പിക്കുന്നു.<br>7. ദിനാചരണങ്ങളും ക്ലബ്ബ് പ്രവർത്തനങ്ങളും | ജൂൺ -ജനുവരി | | |
| ഏഴാം തരം<br>1. ഹിന്ദി ഭാഷയിലുള്ള ആശയവിനിമയശേഷി കൂടുതൽ മെച്ചപ്പെടുത്തുകയും രചനാത്മകശേഷികൾ വർദ്ധിപ്പിക്കുകയും ചെയ്യൽ. | 1. പ്രീടെസ്റ്റ് നടത്തി പഠനനിലവാരം വിലയിരുത്തുന്നു.<br>2. രചനകളുടെ പ്രദർശനം.<br>3. വായനാ മത്സരം<br>4. ഹിന്ദി അസംബ്ലി<br>5. പുതിയ ഹിന്ദി വാക്ക്, ഡയറി, വർക്ക്ഷീറ്റ്<br>6. ഐ.സി.ടി സാധ്യതകളിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ<br>7. ക്ലബ്ബ് പ്രവർത്തനങ്ങൾ - മാഗസിൻ, കത്ത്, കഥാരചന, കവിതാരചന, പ്രസംഗം, വാർത്ത തയ്യാറാക്കൽ<br>8. ടി.വി വാർത്ത കേൾപ്പിക്കൽ (ഹിന്ദി) | ജൂൺ -ജനുവരി | | |

**അടിസ്ഥാനശാസ്ത്രം**

**1.ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്താനുമുള്ള അവസരം ലഭ്യമാക്കുക.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| അറിയാം പഠിക്കാം | 1. വിദ്യാലയ പരിസരത്തുള്ള ആവാസവ്യവസ്ഥകൾ സന്ദർശിച്ച് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ.<br>2. സ്ക്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ച് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ. | ജൂൺ -ഡിസംബർ | | |
| 2. ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീ യ മനോഭാവം വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | | | | |
| ശാസ്ത്രപരീക്ഷണകളരി | യു.പി ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ. പരീക്ഷണക്കളരി സംഘടിപ്പിക്കൽ, കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് പരീക്ഷണങ്ങൾ അവതരിപ്പിക്കൽ-പരീക്ഷണകുറിപ്പ് തയ്യാറാക്കൽ-പരീക്ഷണ സാമഗ്രികൾ സ്വന്തമായി കണ്ടെത്തൽ, പഠനോപകരണങ്ങൾ നിർമ്മിക്കൽ. | ജൂൺ -മാർച്ച് | | |
| എന്റെ ശാസ്ത്രലാബ് | ശാസ്ത്രലാബ് സജ്ജമാക്കൽ, ലാബ് ഉപകരണങ്ങളുടെ കാറ്റലോഗ്, ലാബ് ഉപകരണങ്ങളുടെ പേര് പട്ടികപ്പെടുത്തലും പ്രദർശിപ്പിക്കലും. | ജൂൺ -മാർച്ച് | | |
| ശാസ്ത്രദിനാചരണങ്ങൾ | ശാസ്ത്രദിനങ്ങൾ ആചരിക്കൽ, പോസ്റ്ററുകൾ തയ്യാറാക്കൽ, ശാസ്ത്രക്ലാസുകൾ സംഘടിപ്പിക്കൽ, ക്വിസ്, സെമിനാർ. | ജൂൺ -മാർച്ച് | | |
| 3. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം ഉണ്ടാക്കിയെടുക്കുക. | | | | |
| ഹരിതവീഥി | വീട്ടിലും വിദ്യാലയത്തിലും പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം-പരിപാലനം. | ജൂൺ -മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഔഷധോദ്യാനം | ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കൽ, അവയുടെ പ്രത്യേകതകൾ, ഉപയോഗം എന്നിവ രേഖപ്പെടുത്തൽ. | ജൂൺ -ജനുവരി | | |
| 4. ശാസ്ത്രവിഷയങ്ങളിൽ പഠനത്തിനും, അന്വേഷണത്തിനും കണ്ടെത്തലിനും വഴിതുറക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക. | | | | |
| ശാസ്ത്രമാസിക | ശാസ്ത്രവാർത്തകൾ, കുറിപ്പുകൾ, നിരീക്ഷണ പരീക്ഷണക്കുറിപ്പുകൾ, ശാസ്ത്രകാരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ, കണ്ടുപിടിത്തങ്ങളുടെ കഥകൾ, ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ. | ജൂൺ -ജനുവരി | | |
| * നമ്മുടെ സാഹിത്യം, ഭാഷ, സംസ്കാരം എന്നിവയുടെ മഹത്വം തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കൽ | **1) ചിത്ര-ചരിത്ര ഗ്യാലറി**<br>* സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, കുറിപ്പുകൾ<br>* കൃതികൾ<br>* ഭാഷയിലെ പ്രധാന കൃതികൾ<br>* പ്രധാന സാംസ്കാരിക കേന്ദ്രങ്ങൾ | ജൂൺ -ഫെബ്രുവരി | | |
| * വായനയുടെ പ്രാധാന്യത്തിലേക്ക് കുട്ടികളെയും രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ഉണർത്തുകയും ഉയർത്തുകയും ചെയ്യുക. | **2) വായനാവസന്തം**<br>* ക്ലാസ് ലൈബ്രറി<br>* സ്ക്കൂൾ ലൈബ്രറി<br>* മാതൃവായന<br>* വായനാപതിപ്പ്<br>* വായനാക്വിസ്<br>* പുസ്തക റാലി | ജൂലൈ -ഡിസംബർ | | |
| * സാഹിത്യരചന, ആസ്വാദനം എന്നിവയിൽ കുട്ടികൾക്ക് താല്പര്യവും ആത്മവിശ്വാസവും ഉണ്ടാക്കുക.<br>പ്രവർത്തനങ്ങൾ | **3) സർഗപഠനം**<br>* സാഹിത്യാസ്വാദന ക്ലാസ്സുകൾ<br>* സാഹിത്യരചന പരിശീലനം<br>* എഴുത്തുകാരുമായുള്ള മുഖാമുഖം<br>* മാസിക പ്രസാധനം | ഡിസംബർ -ജനുവരി | | |
| *കുട്ടികളുടെ അഭിനയശേഷി വളർത്തിയെടുക്കൽ. | **4) നാടകപാഠം**<br>* നാടക കളികൾ<br>* സ്കിറ്റുകൾ<br>* പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം. | ജനുവരി -ഫെബ്രുവരി | | |

## English UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| * Vocabulary Developing | **1) Vocabulary Programme**<br>* A word a day<br>* Newspaper reading<br>* English Assembly<br>* Simple speeches<br>* English diary | June - December | | |
| Make the pupils confident to interact in English with others through various events. | **2) English Fest**<br>* Spelling games<br>* Skits<br>* Magazine making<br>* Newspaper making<br>* Reporting<br>* Story, poem writing, telling | January - February | | |
| Making the pupils to speak in English | **3) Spoken English**<br>* Communicative and spoken English programme. | August - April | | |

**പ്രവർത്തന കലണ്ടർ 18–19**

| മാസം | പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **2018 ഏപ്രിൽ** | ഗൃഹസന്ദർശനം | | | |
| **2018 മെയ്** | * SMC യോഗം<br>* SRG യോഗം<br>* പ്രവേശനോത്സവം-ആസൂത്രണം. | | എച്ച്.എം, അധ്യാപകർ, എസ്.എം.സി | |
| ജൂൺ<br>* പ്രീ-ടെസ്റ്റ്<br>* മലയാളത്തിളക്കം<br>* വായനക്കൂട്ടം രൂപീകരണം | **1. പ്രവേശനോത്സവം**<br>* സ്ക്കൂൾ അലങ്കരിക്കൽ<br>* നവാഗതരെ സ്വീകരിക്കൽ<br>* മധുര പലഹാര വിതരണം<br>5. പരിസ്ഥിതിദിനം<br>* വൃക്ഷത്തൈ നടൽ<br>* പൂന്തോട്ട നിർമാണം<br>* പതിപ്പ് നിർമാണം<br>* ശുചിത്വസേന രൂപീകരണം<br>പി.ടി.എ. ജനറൽ ബോഡി | 1 മുതൽ 7 വരെ രക്ഷിതാക്കൾ അധ്യാപകർ | എച്ച്.എം, അധ്യാപകർ, എസ്.എം.സി | 5000/-<br>2000/- |
| | **17. ചങ്ങമ്പുഴ ചരമദിനം**<br>* അനുസ്മരണം<br>* കവിതാലാപനം | യു.പി.കുട്ടികൾ | എസ്.ആർ.ജി വിദ്യാരംഗം അധ്യാപകർ | |

| മാസം | പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **19 മുതൽ 26 വരെ. വായനാ വാരം**<br>* പുസ്തക പ്രദർശനം<br>* വായനാമത്സരം<br>* ക്ലാസ്സ് ലൈബ്രറി<br>* വായനാ വസന്തം.<br>* പുസ്തകറാലി<br>* വായനാപ്പതിപ്പ് | 1 മുതൽ 7 വരെ രക്ഷിതാക്കൾ | എച്ച്.എം, അധ്യാപകർ, എസ്.എം.സി | 10000/- |
| | **20. A word a day - English**<br>A word a day - Hindi | 2 മുതൽ 7 വരെ | ഇംഗ്ലീഷ് ടീച്ചർ | |
| | **21. English Assembly** | 1 മുതൽ 7 വരെ | ഇംഗ്ലീഷ് ടീച്ചർ | |
| | **28. Hindi Assembly** | 5 മുതൽ 7 വരെ | ഹിന്ദി ടീച്ചർ | |
| | **29. ക്ലബ്ബുകൾ രൂപീകരണം** | 5 മുതൽ 7 വരെ | എച്ച്.എം, എസ്.ആർ.ജി | |
| ജൂലൈ | **5. വൈക്കം മുഹമ്മദ് ബഷീർ ചരമദിനം**<br>* പുസ്തകപരിചയം<br>*അനുസ്മരണം<br>*പതിപ്പ് നിർമാണം | 2 മുതൽ 7 വരെ | വിദ്യാരംഗം അധ്യാപകർ | |
| | **11. ജനസംഖ്യാദിനം**<br>* ക്വിസ് മത്സരം<br>* പ്രഭാഷണം<br>* ബുക്ക് ബൈന്റിങ്ങ് - പരിശീലനം | 5 മുതൽ 7 വരെ | എച്ച്.എം, എസ്.എം.സി, എസ്.ആർ.ജി | 30000/- |
| | **20. ചാന്ദ്രദിനം**<br>* ക്വിസ് മത്സരം<br>* പതിപ്പ് നിർമാണം<br>* വീഡിയോ പ്രദർശനം | 5 മുതൽ 7 വരെ | എസ്.എസ്. ക്ലബ്ബ് | |
| | **23. ഔഷധസസ്യോദ്യാനം - ആരംഭം** | മുഴുവൻ കുട്ടികൾക്ക് | എസ്.എം.സി, എസ്.ആർ.ജി സയൻസ് ക്ലബ്ബ് | 50000/- |
| | **24. ക്ലബ്ബുകൾ ഉദ്ഘാടനം** | | | |
| ആഗസ്റ്റ് | **6. ഹിരോഷിമദിനം** | 4 മുതൽ 7 വരെ | എച്ച്.എം, അധ്യാപകർ എസ്.എസ്. | 500/- |
| | **9. നാഗസാക്കിദിനം**<br>* പതിപ്പ് നിർമാണം<br>* വീഡിയോ പ്രദർശനം<br>* ക്വിസ് മത്സരം | | | |

| മാസം | പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **15. സ്വാതന്ത്ര്യദിനം**<br>* പതിപ്പ് നിർമാണം<br>* ക്വിസ് മത്സരം<br>* ഗാന്ധി കോർണർ - തുടക്കം<br>* ഉളിയത്ത് കടവ് സന്ദർശനം | 2 മുതൽ 7 വരെ | എച്ച്.എം, അധ്യാപകർ എസ്.എം.സി | 2000/- |
| | **22. ലോകനാട്ടറിവ് ദിനം**<br>* അറിയാം പഠിക്കാം - സന്ദർശനം<br>* വൈദ്യൻമാരുമായി മുഖാമുഖം<br>* ശാസ്ത്രലാബ് സജ്ജീകരണം (പ്രാരംഭം) | 3 മുതൽ 7 വരെ | സയൻസ് ക്ലബ്ബ് | 2000/- |
| | * മലയാളത്തിളക്കം - പ്രവർത്തനങ്ങൾ - തുടർച്ച | 1 മുതൽ 7 വരെ | എസ്.ആർ.ജി | |
| | * ക്ലാസ്സ് ലൈബ്രറി - നവീകരണം. | 1 മുതൽ 7 വരെ | എസ്.ആർ.ജി | 1000/- |
| സപ്തംബർ | **5. അധ്യാപകദിനം**<br>* പൂർവ അധ്യാപകരെ ആദരിക്കൽ | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ | എസ്.ആർ.ജി എസ്.എം.സി | 3000/- |
| | **8. സാക്ഷരതാദിനം**<br>**16. ഓസോൺദിനം**<br>* ശാസ്ത്രമാസിക പ്രവർത്തനം - തുടക്കം | 5 മുതൽ 7 വരെ | സയൻസ് ക്ലബ്ബ് | |
| | **14. ഹിന്ദി ദിനം**<br>* പതിപ്പ് തയ്യാറാക്കൽ<br>* കഥ, കവിത അവതരണം<br>* ഹിന്ദി പ്രസംഗം | 5 മുതൽ 7 വരെ | എസ്.ആർ.ജി ഹിന്ദി അധ്യാപകൻ | |
| | * ഗണിതശാസ്ത്രകാരെ പരിചയപ്പെടൽ<br>* ഗണിത ശില്പശാല | 2 മുതൽ 7 വരെ | ഗണിത ക്ലബ്ബ് എസ്.ആർ.ജി | 2000/- |
| ഒക്ടോബർ | **2. ഗാന്ധിജയന്തി**<br>ഗാന്ധി കോർണർ ഉദ്ഘാടനം | 1 മുതൽ 7 വരെ | എസ്.എം.സി എസ്.ആർ.ജി | 5000/- |
| | **16. ഇടശ്ശേരി ചരമദിനം** | 5 മുതൽ 7 വരെ | വിദ്യാരംഗം | |
| | **27. വയലാർ ചരമദിനം**<br>* ആവാസവ്യവസ്ഥ - സന്ദർശനം കുറിപ്പ് തയ്യാറാക്കൽ | 5 മുതൽ 7 വരെ | ശാസ്ത്രക്ലബ്ബ് | |
| | * എംബ്രോയിഡറി പരിശീലനം | 5 മുതൽ 7 വരെ | പ്രവൃത്തി പരിചയ അധ്യാപിക | |
| | * ഇംഗ്ലീഷ് ഫെസ്റ്റ് | 1 മുതൽ 7 വരെ | എസ്.ആർ.ജി., ഇംഗ്ലീഷ് ക്ലബ്ബ് | |

| മാസം | പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നവംബർ | **1. കേരളപ്പിറവി ദിനം**<br>* ചിത്രചരിത്ര ഗ്യാലറി<br>* നാടിനെ അറിയാം<br>* ചരിത്ര സ്മൃതികളിലൂടെ<br>**12. സാലിം അലി സ്മരണ**<br>**14. ശിശുദിനം**<br>**15. കുട്ടിടാക്കീസ് - സിനിമാ പ്രദർശനം**<br>* അറബിക് മധുരം<br>* പച്ചക്കറിത്തോട്ടനിർമ്മാണം | 4 മുതൽ 7 വരെ ക്ലാസ്<br>1 മുതൽ 7 വരെ ക്ലാസ്<br>1 മുതൽ 7 വരെ ക്ലാസ്<br>4 മുതൽ 7 വരെ ക്ലാസ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>വിദ്യാരംഗം<br>അറബിക്ടീച്ചർ എസ്.ആർ.ജി<br>ശാസ്ത്ര ക്ലബ്ബ് എസ്.ആർ.ജി | 5000/-<br>1000/-<br>2000/- |
| ഡിസംബർ | * എന്റെ ശാസ്ത്രലാബ്<br>* ശാസ്ത്രമാസിക പ്രകാശനം<br>* അറിയാം പഠിക്കാം - ഗണിതം<br>* English Fest<br>**3. എൽ.എസ്.എസ്., യു.എസ്.എസ്.**<br>**22. വൈലോപ്പിള്ളി ചരമദിനം** | 4 മുതൽ 7 വരെ ക്ലാസ്<br>4 മുതൽ 7 വരെ ക്ലാസ്<br>4, 7 വരെ ക്ലാസ്<br>4 മുതൽ 7 വരെ ക്ലാസ് | എസ്.ആർ.ജി ശാസ്ത്ര ക്ലബ്ബ്<br>എസ്.ആർ.ജി ഇംഗ്ലീഷ് ടീച്ചർ<br>എസ്.ആർ.ജി ക്ലാസ് അധ്യാപകർ<br>വിദ്യാരംഗം | |
| **2019 ജനുവരി** | **1. പുതുവത്സരദിനം**<br>**16. കുമാരനാശാൻ ചരമദിനം ഏമുസ്മരണം**<br>**26. റിപ്പബ്ലിക് ദിനം**<br>* നാടകപാഠം<br>* ഗണിതലാബ്<br>* ദ്വിദിന ശാസ്ത്ര ശില്പശാല<br>* പഠനയാത്ര | 1 മുതൽ 7 വരെ ക്ലാസ്<br>5 മുതൽ 7 വരെ ക്ലാസ്<br>1 മുതൽ 7 ക്ലാസ്<br>4 മുതൽ 7 ക്ലാസ്<br>4 മുതൽ 7 ക്ലാസ് | എസ്.ആർ.ജി<br>വിദ്യാരംഗം<br>എസ്.ആർ.ജി<br>എസ്.എം.സി<br>എസ്.ആർ.ജി<br>എസ്.ആർ.ജി ശാസ്ത്രക്ലബ്ബ്<br>എസ്.ആർ.ജി | 5000/-<br>15000/- |
| ഫിബ്രവരി | **2. ജി.ശങ്കരക്കുറുപ്പ് ചരമദിനം അനുസ്മരണം**<br>**6.ലിളിതാംബികഅന്തർജനം ചരമദിനം**<br>**14. ഹെർമ്മൻ ഗുണ്ടർട്ട് ദിനം**<br>* നിഘണ്ടു നിർമ്മാണം<br>**28. ദേശീയ ശാസ്ത്രദിനം**<br>* ഹിന്ദി ഉത്സവ്<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | 3 മുതൽ 7 ക്ലാസ്<br>5 മുതൽ 7 ക്ലാസ്<br>1 മുതൽ 7 ക്ലാസ്<br>5 മുതൽ 7 ക്ലാസ്<br>4 മുതൽ 7 ക്ലാസ് | വിദ്യാരംഗം<br>ക്ലാസ്അധ്യാപകർ<br>എസ്.ആർ.ജി സയൻസ് ക്ലബ്ബ്<br>ഹിന്ദി ടീച്ചർ<br>എസ്.ആർ.ജി | 2000/- |
| മാർച്ച് | **വാർഷികാഘോഷം**<br>**പഠനനേട്ടങ്ങൾ അവലോകനം - പരിഹാരബോധനം**<br>**13. വള്ളത്തോൾ ചരമദിനം**<br>* വാർഷിക പരീക്ഷ<br>രക്ഷാകർത്തൃസംഗമം | 1 മുതൽ 7 ക്ലാസ്<br>5 മുതൽ 7 ക്ലാസ്<br>1 മുതൽ 7 ക്ലാസ്<br>പി.ടി.എ. | അധ്യാപകർ<br>വിദ്യാരംഗം<br>എസ്.ആർ.ജി<br>എസ്.എം.സി. | 50000/- |

# ഉപസംഹാരം

രാമന്തളി ജി.എം.യു.പി സ്ക്കൂളിന്റെ അക്കാദമിക മികവ് വരുംവർഷങ്ങളിൽ ആസൂത്രിതവും സമയബന്ധിതവുമായി വർധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മേൽകൊടുത്തിട്ടുള്ളത്. പ്രസ്തുത പ്രവർത്തനങ്ങൾ PTA, SMC, അധ്യാപകർ, പൊതുസമൂഹം എന്നിവരുടെയെല്ലാം സഹകരണത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.